(ബി) മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് നാട്ടിൽ സുസ്ഥിര വരുമാനം നേടുന്നതിനായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന് പുറമെ ആഭ്യന്തര കലാപ ബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorka.gov.in-ൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തിരികെയെത്തിയവരിൽ 23 നഴ്സുമാർക്ക് സർക്കാർ മുൻകൈയെടുത്ത് എൻ.എം.സി. ഗ്രൂപ്പിൽ ജോലി ലഭ്യമാക്കിയിരുന്നു. കൂടാതെ അഹല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേയ്ക്കായി ഷോർട്ട് ലിസ്റ്റ് ചെയ്ത 152 പേരിൽ 20 പേരും യു.എ.ഇ.-യിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാരേഖകൾ തയ്യാറായി വരുന്നു. ഇതിന് പുറമേ സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നഴ്സുമാരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. യെമനിൽനിന്നും മടങ്ങിയെത്തിയവർക്കും തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതി

12 (*132) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജന പദ്ധതികൾക്ക് പകരം കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതികളാണ് അഭികാമ്യമെന്ന് ഗ്രീൻ ട്രിബ്യൂണൽ നിലപാടെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ചെറു മാലിന്യ നിർമ്മാർജ്ജന പദ്ധതികളെ അത് എപ്രകാരം ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) മാലിന്യ സംഭരണം, തരംതിരിക്കൽ, സംസ്കരണം, ഉപോല്പന്ന നിർമ്മാണം എന്നിവ വ്യവസായമായി പരിഗണിച്ച് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) വികേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് പകരം കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതികളാണ് അഭികാമ്യമെന്ന് ഗ്രീൻ ട്രൈബ്യൂണൽ നിലപാടെടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

സച്ചാർ കമ്മീഷൻ റിപ്പോർട്ട് - മദ്രസകൾക്ക് കേന്ദ്ര ഗ്രാന്റ്

13 (*133) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതി പ്രകാരം സംസ്ഥാനത്തെ മദ്രസകൾക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ഗ്രാന്റ് തടയപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓഡിറ്റർ ജനറലിന്റെ ഒബ്ജക്ഷൻ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതിന് ആധാരമായ കാരണങ്ങൾ എന്തൊക്കെയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദവിവരം നല്കുമോ ;

(സി) മറ്റ് സംസ്ഥാനങ്ങളിലെ മദ്രസകൾക്ക് ഇത്തരം ഗ്രാന്റ് നല്കുന്നുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനത്തെ മദ്രസകൾക്കും ഗ്രാന്റ് ലഭ്യമാക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) സംസ്ഥാനത്തെ മദ്രസകൾക്ക് 2010-11, 2013-14, വർഷങ്ങളിലെ ഗ്രാന്റ് നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ 828 മദ്രസകൾക്ക് ഗ്രാന്റ് ലഭിക്കുവാനുള്ള അപേക്ഷ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിലേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഗ്രാന്റ് തടയപ്പെട്ടതിനെ സംബന്ധിച്ച് യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly